കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 20.08.2025 മുതൽ 24.08.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 33/2025, (66) ചൊവ്വാഴ്ച | തീയ്യതി 19/08/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 20.08.2025 | 21.08.2025 | 22.08.2025 | 23.08.2025 | 24.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 6 | 5 | 3 | 5 | 3 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 7 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) കതിര് വരുന്ന പരുവം | ഓലചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു മഴയില്ലാത്തപ്പോൾ തളിക്കുക. |
| വാഴ | മാണഅഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും മഴയില്ലാത്തപ്പോൾ ഒഴിച്ച് കൊടുക്കുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം മഴയില്ലാത്തപ്പോൾ തളിച്ചുകൊടുക്കാവുന്നതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. |

മൃഗസംരക്ഷണം-: മഴക്കാലത്ത് ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാദങ്ങൾക്കെതിരെ കരുതൽ നടപടികൾ കൈക്കൊള്ളുക. മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക. (CAADECCS, KVASU, Mannuthy)